**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4245** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കന്ററി ജൂനിയർ അധ്യാപകർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കന്ററി അധ്യാപകരുടെ സീനിയർ , ജൂനിയർ വിഭജനത്തിന് അടിസ്ഥാനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (എ) | ജോലിഭാരത്തിന്റെ അടിസ്ഥാനത്തിലാണ് ജൂനിയർ, സീനിയർ കാറ്റഗറി കണക്കാക്കുന്നത്. ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ പരമാവധി 14 പിരീഡുകൾ കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ സീനിയർ അദ്ധ്യാപകന് 25 പിരീഡുകൾ അധ്യാപനം നടത്തേണ്ടതുണ്ട്. |
| (ബി) | ഹയർ സെക്കന്ററി പ്രിൻസിപ്പാൾ ആകുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ; | (ബി) | സ്പെഷ്യൽ റൂൾസ് പ്രകാരം പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം 2:1 എന്ന അനുപാതത്തിൽ യോഗ്യരായ എച്ച്.എസ്.എസ്.ടി മാരിൽ നിന്നും എച്ച്.എം മാരിൽ നിന്നുമാണ്. പ്രിൻസിപ്പാൾ തസ്തികയിലെ യോഗ്യത സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നോ / കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച മറ്റ യൂണിവേഴ്സിറ്റികളിൽ നിന്നോ ഉള്ള 50%-ൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദം, കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നോ / കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നോ ഉള്ള ബി.എഡ് ബിരുദം. പ്രൊമോഷൻ വഴിയുള്ള നിയമനത്തിന് കുറഞ്ഞത് 12 വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയവും (ഹയർ സെക്കണ്ടറി തലത്തിലുള്ള അദ്ധ്യാപന പരിചയത്തിന് മുൻഗണന) ബൈട്രാൻസ്ഫർ വഴിയുള്ള നിയമനത്തിന് കുറഞ്ഞത് 12 വർഷത്തെ ഹൈസ്കൂൾ / ഹയർ സെക്കണ്ടറി അംഗീകൃത അദ്ധ്യാപന പരിചയവും ആവശ്യമാണ്. |
| (സി) | നിലവിലെ യോഗ്യത പ്രകാരം ജൂനിയർ അധ്യാപകന് പ്രിൻസിപ്പാൾ ആകുന്നതിനുള്ള സാധ്യത കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. സ്പെഷ്യൽ റൂൾസ് പ്രകാരം പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം 2:1 എന്ന അനുപാതത്തിൽ യോഗ്യരായ എച്ച്.എസ്.എസ്.ടി മാരിൽ നിന്നും എച്ച്.എം മാരിൽ നിന്നുമാണ്. ടി ആളുകൾക്ക് മിനിമം 12 വർഷത്തെ അദ്ധ്യാപന |

| | | | |
|---|---|---|---|
| | | | പരിചയം യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. എച്ച്.എസ്.എസ്.ടി തസ്തികയിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലും അദ്ധ്യാപന പരിചയത്തിന്റെ അടിസ്ഥാനത്തിലുമാണ് മേൽ നിയമനം നടത്തുന്നത്. എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ് എച്ച്.എസ്.എസ്.ടി സീനിയർ തസ്തിക. സീനിയർ തസ്തികയിലേക്ക് പ്രൊമോഷന് മതിയായ ജൂനിയർ അദ്ധ്യാപകർ ഇല്ലാതാകുമ്പോൾ മാത്രമാണ് 3:1 അനുപാതത്തിൽ അത് പി.എസ്.സി വഴിയുള്ള നേരിട്ടുള്ള നിയമനത്തിനും HSA/UPSA/LPSA -ൽ നിന്നുമുള്ള ബൈട്രാൻസ്ഫർ നിയമനത്തിനും നൽകുന്നത്. എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികയുടെ പ്രൊമോഷൻ തസ്തികയായ എച്ച്.എസ്.എസ്.ടി സീനിയർ തസ്തികയിൽ നിന്നുമാണ് അടുത്ത പ്രൊമോഷൻ തസ്തികയായ പ്രിൻസിപ്പാൾ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നത്. നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ തസ്തികയിൽ നിന്നും നേരിട്ട് പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള നിയമനം സാധ്യമല്ല. |
| (ഡി) | എങ്കിൽ ഒരേ യോഗ്യതയും സീനിയർ അധ്യാപകരോടൊപ്പം എല്ലാദിവസവും ക്ലാസ്സിലും സ്കൂളിലും ഹാജരാകുകയും ചെയ്തിട്ടും ഇവർക്ക് ഈ അവസരം നിഷേധിക്കുന്നത് വിവേചനം ആണെന്ന് കരുതുന്നുണ്ടോ; | (ഡി) | ഇല്ല. സ്പെഷ്യൽ റൂൾസ് പ്രകാരം പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം 2:1 എന്ന അനുപാതത്തിൽ യോഗ്യരായ എച്ച്.എസ്.എസ്.ടി മാരിൽ നിന്നും എച്ച്.എം മാരിൽ നിന്നുമാണ്. ടി ആളുകൾക്ക് മിനിമം 12 വർഷത്തെ അദ്ധ്യാപന പരിചയം യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. എച്ച്.എസ്.എസ്.ടി തസ്തികയിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലും അദ്ധ്യാപന പരിചയത്തിന്റെ അടിസ്ഥാനത്തിലുമാണ് മേൽ നിയമനം നടത്തുന്നത്. എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ് എച്ച്.എസ്.എസ്.ടി സീനിയർ തസ്തിക. സീനിയർ തസ്തികയിലേക്ക് പ്രൊമോഷന് മതിയായ ജൂനിയർ അദ്ധ്യാപകർ ഇല്ലാതാകുമ്പോൾ മാത്രമാണ് 3:1 അനുപാതത്തിൽ അത് പി.എസ്.സി വഴിയുള്ള നേരിട്ടുള്ള നിയമനത്തിനും HSA/UPSA/LPSA -ൽ നിന്നുമുള്ള ബൈട്രാൻസ്ഫർ നിയമനത്തിനും നൽകുന്നത്. എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികയുടെ പ്രൊമോഷൻ തസ്തികയായ എച്ച്.എസ്.എസ്.ടി സീനിയർ തസ്തികയിൽ നിന്നുമാണ് അടുത്ത പ്രൊമോഷൻ തസ്തികയായ പ്രിൻസിപ്പാൾ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നത്. നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ |

| | | | |
|---|---|---|---|
| | | | തസ്തികയിൽ നിന്നും നേരിട്ട് പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള നിയമനം സാധ്യമല്ല. |
| (ഇ) | ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ ? | (ഇ) | ‘ ഡി ‘ - യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ